## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6448 — 31-10-2011-ൽ മറുപടിക്ക്

# പുതിയ കെട്ടിട നിർമ്മാണ ചട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു.കുരുവിള | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരസഭകളിൽ നിലനിൽക്കുന്ന കാലഹരണപ്പെട്ട മാസ്റ്റർ പ്ലാനുകളിൽ മാറ്റം വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇതിനുവേണ്ടി നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) നഗരാസൂത്രണ പദ്ധതികൾ സമഗ്രമായ് പരിഷ്കരിക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സമയബന്ധിതമാ നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ അംഗീകൃത വികസന രൂപരേഖ (മാസ്റ്റർ പ്ലാൻ/ഡെവലപ്മെന്റ് പ്ലാൻ) കളുടെ വ്യതിയാനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ നഗരങ്ങൾക്ക് ആസൂത്രണ പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.<br>ഈ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 32 നഗരങ്ങൾക്ക് ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിന് വ്യക്തമായ ആക്ഷൻ പ്ലാനുകളുടെ അടിസ്ഥാനത്തിൽ നടപടികൾ [illegible] വരുന്നു. പ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനാവശ്യമായ ഡാറ്റ ഫോർമാറ്റ്, ചോദ്യാ വലികൾ, ടൂൾ കിറ്റുകൾ customized computer application തുടങ്ങിയവ വകുപ്പുതലത്തിൽ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ പങ്കാളി ത്തത്തോടെയാണ് ഈ പ്ലാനുകൾ തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | നഗരസഭകളിൽ കാലപ്പഴക്കം ചെന്ന മാസ്റ്റർ പ്ലാനുകൾ നില നിൽക്കുന്നതു കൊണ്ടും ടൗൺ പ്ലാനിംഗ് സ്കീമുകൾ ഉള്ളതുകൊണ്ടും പല സ്ഥലങ്ങളിലും പൊതുജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നിയമ നിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ; | (ബി) | ഉണ്ട്. പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി നഗരാസൂത്രണ പദ്ധതികൾ സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | സംസ്ഥാനത്ത് പുതിയ കെട്ടിട നിർമ്മാണ ചട്ടം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | അതാത് നഗരസഭകൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ തീരുമാനമെടുക്കാനുള്ള അനുവാദം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ